# *Mary Mother of Jesus*

## *Steven Cox*

ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസ്രേത്ത് എന്ന ഗലീല പട്ടണത്തിൽ, ദാവീദ് ഗൃഹത്തിൽ ഉള്ള യോസേഫ് എന്ന ഒരു പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കാന്യകയുടെ അടുക്കൽ അയയ്ച്ചു ആ കന്യകയുടെ പേർ മറിയ എന്ന് ആയിരുന്നു (ലൂക്കോസ് 1: 26–27)

ഈ പുസ്തകത്തിൽ യേശു ക്രിസ്തുവിനെ ഗർഭം ധരിച്ചത്, ജനനം, ബാല്യകാലം എന്നിവയെക്കുറിച്ചും അദ്ദേഹത്തിന്റെ അമ്മ മറിയയെക്കുറിച്ചും ബൈബിൾ എന്തു പറയുന്നു എന്ന് പരിശോധിക്കുകയാണ്. മറിയയ്ക്ക് ദൈവം കൊടുത്ത പ്രത്യേകം അനുഗ്രഹങ്ങൾ തന്റെ മകനെക്കുറിച്ചുള്ള ആ മാതാവിന്റെ വിശ്വാസം എന്നിവയെ സംബന്ധിച്ച് ബൈബിൾ എന്തുപറയുന്നു എന്ന് വിശകലനം ചെയ്യുകയാണിവിടെ.

കൂടുതൽ വിവരങ്ങൾക്ക് ദയവായി താഴെക്കൊടുത്തിരിക്കുന്ന അഡ്രസ്സിൽ എഴുതുക

Local Address



# യേശുവിന്റെ അമ്മ മറിയ

സ്റ്റീവൻ കോക്സ്

വിവർത്തനം

**മാത്യൂസ് ജേക്കബ്**

**പള്ളിവാതുക്കൽ**

കൂടുതൽ വിവരങ്ങൾക്ക് ദയവായി താഴെക്കൊടുത്തിരിക്കുന്ന

അഡ്രസ്സിൽ എഴുതുക

***A Christadelphian Publication***

**The Christadelphians,**
**GPO Box 159,**
**Hyderabad A.P. 500001, India**



**Mary Mother Of Jesus**
**Steven Cox**

**ആമുഖം** പേജ് നമ്പർ


| | |
|---|---|
| ദൈവ ദൂതൻ മറിയയ്ക്ക് പ്രത്യക്ഷപ്പെടുന്നു | 1 |
| മറിയയുടെ പാട്ട് | 2 |
| യേശുവിന്റെ ജനനം | 3 |
| സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന യേശു | 4 |
| സ്ത്രീയിൽ നിന്നും ജനിച്ചവൻ | 9 |
| സ്ത്രീയുടെ സന്തതി | 11 |
| ബാലനായ യേശു ദേവാലയത്തിൽ | 11 |
| ഈജിപ്റ്റിലേക്കുള്ള പലായനം | 12 |
| യേശു പന്ത്രണ്ടാമത്തെ വയസ്സിൽ | 13 |
| യേശുവന്റെ ജീവിതത്തിലെ അറിയപ്പെടാത്ത വർഷങ്ങൾ | 14 |
| യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തുന്നു | 18 |
| കാനാവിലെ കല്യാണം | 19 |
| എന്റെ അമ്മയും സഹോദരന്മാരും അര്? | 20 |
| മറിയയെ ആരാധിച്ച ആദ്യത്തെ വ്യക്തി | 21 |
| നസ്രേത്തിൽ യേശു തിരസ്കരിക്കപ്പെടുന്നു | 22 |
| നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക | 23 |
| നിന്റെ ആത്മാവിൽക്കൂടി ഒരു വാൾകടക്കും | 23 |
| ഇതാ നിന്റെ അമ്മ | 25 |
| യേശുവിന്റെ പുനരുദ്ധാനം | 25 |
| മറിയ സ്നാനപ്പെട്ടിരുന്നോ | 26 |
| യേശുവിന്റെ കുടുംബാഗങ്ങൾ രമ്യതയിൽ ആകുന്നു | 26 |
| മറിയയുടെ മരണം | 27 |
| മാതാവിനോടുള്ള പ്രാർത്ഥന | 28 |
| മറിയയുടെ ദർശനങ്ങൾ | 29 |
| പര്യവസാനം മറിയയുടെ പ്രത്യാശ | 30 |

# യേശുവിന്റെ അമ്മ മറിയ

**സ്റ്റീവൻ കോക്സ്**

സത്യ വേദപുസ്തകത്തിലെ ഏറ്റവും പ്രസിദ്ധയായ ഒരു വ്യക്തിയാണ് യേശുവിന്റെ മാതാവായ മറിയ. വേദപുസ്തകം വായിച്ചിട്ടില്ലാത്തവരുംകൂടി മറിയത്തെകുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ മറിയ എങ്ങനെയുള്ള ഒരു സ്ത്രീ ആയിരുന്നു? സുവിശേഷ ചരിത്രത്തിൽ മറിയ വഹിച്ച പങ്കെന്താണ്?.

## ദൈവദൂതൻ മറിയയ്ക്ക് പ്രത്യക്ഷപ്പെടുന്നു

ഒരു ദൈവദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെടുന്നതായി കാണുന്ന ഒരു ഭാഗമാണ് നാം സുവിശേഷത്തിൽ ആദ്യമായി മറിയയെക്കുറിച്ചു വായിക്കുന്നത്. (ലൂക്കോസ് 1:26,27) "ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ നസ്രത്ത് എന്ന ഗലീലാ പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്ന ഒരു പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു, ആ കന്യകയുടെ പേർ മറിയ എന്നായിരുന്നു."

യോസേഫ് ദാവീദ് ഗൃഹത്തിൽപ്പെട്ടവനായിരുന്നു എന്ന് സുവിശേഷകനായ ലൂക്കോസ് രേഖപ്പെടുത്തുന്നു, എങ്കിലും ലുക്കോസ് 3ാം അദ്ധ്യായത്തിന്റെ 23 മുതൽ 38 വരെയുള്ള വാക്യങ്ങൾ അനുസരിച്ച് യേശുവിന്റെ കുടുബ ചരിത്രം രേഖപ്പെടുത്തുന്നിടത്ത് തന്നെ മറിയയുടെ മകൻ എന്നാണ് ചിത്രീകരിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ മറിയയും ദാവീദിന്റെ പാരമ്പര്യത്തിൽപ്പെട്ട ഒരുവൾ ആയിരുന്നു. അവൾ ദാവീദിന്റെ പുത്രനായ നാഥാന്റെ പരമ്പരയിലും, യോസേഫ് ദാവീദിന്റെ പുത്രനായ ശലോമോന്റെ പരമ്പരയിലുമാണ് ജനിച്ചത്. (മത്തായി 1:1 മുതൽ 16 വരെ) ദൂതൻ അവളുടെ അടുക്കൽ വന്നു "കൃപലഭിച്ചവളെ നിനക്കു വന്ദനം, കർത്താവ് നിന്നോടുകൂടെ ഉണ്ട് എന്നു പറഞ്ഞു". അവൾ ആ വാക്കുകേട്ടു ഭ്രമിച്ചു: ഇത് എന്തൊരു വന്ദനം എന്നു പരിഭ്രമിച്ചു. ദൂതൻ അവളോട്; മറിയേ ഭയപ്പെടേണ്ട നിനക്ക് ദൈവത്തിന്റെ കൃപലഭിച്ചു, നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് യേശു എന്ന് പേർ വിളിക്കണം അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും, കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല" എന്നു പറഞ്ഞു. മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു അതിന് ദൂതൻ പരിശുദ്ധാത്മാവ് നിന്റെ മേൽവരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും, നിന്റെ ചാർച്ചക്കാരി ഏലിശബത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്ന് പറഞ്ഞു വന്നവൾക്ക് ഇത് ആറാം മാസം ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു, അതിന് മറിയ "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്നു പറഞ്ഞു ദൂതൻ അവളെ വിട്ടുപോയി (ലൂക്കോസ് 1:28,38)

## മറിയയുടെ പാട്ട്

മറിയ ഇതുകേട്ടപ്പോൾ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഒരു പാട്ടുപാടി... ലൂക്കോസ് 1:46–55. "*എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു;*" എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.

ഇസ്രായേലിനെ സഹായിക്കുകയും അബ്രഹാമിനോടും അവന്റെ സന്തതികളോടും ദയ കാണിക്കുവാൻ ഓർക്കുകയും ചെയ്ത ദൈവത്തിനു മറിയ നന്ദി അർപ്പിച്ചു, എല്ലാ ഇസ്രയേല്യരെയും പോലെ മറിയ അബ്രഹാമിന്റെ സന്തിതിയായിരുന്നുവല്ലോ, ഈ പ്രത്യേക ശിശുവിനെ നല്കുന്നതിൽക്കൂടി ദൈവം ഇസ്രായേൽ ഗോത്ര

ങ്ങൾക്കു മാത്രമല്ല ഗോത്ര പിതാവായ അബ്രഹാമിനുംകൂടി കരുണ കാണിക്കുകയാണ് ചെയ്തത്. മറിയ ഈ പാട്ട് പാടുമ്പോൾ അബ്രഹാം മരിച്ചിട്ട് അനേകം വർഷങ്ങൾ കഴിഞ്ഞിരുന്നു എങ്കിലും അബ്രഹാമിനോട് *"തന്റെ ദയ കാണിച്ചു"* എന്ന വാക്ക് വിരോധാഭാസമായി തോന്നാം എന്നാൽ ദൈവം അബ്രഹാമിനോട് ചെയ്ത വാഗ്ദത്തത്തിന്റെ പൂർത്തീകരണമായിട്ട് ഇതിനെ കാണുവാൻ മറിയയ്ക്കു കഴിഞ്ഞു എന്നുള്ളതാണ് സത്യം.(ഗലാത്യർ 3)

മറിയയുടെ പാട്ടുപോലെ തന്നെ വേറൊരു പാട്ട് വേദുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് ഇത് ശമൂവേലിന്റെ അമ്മ ഹന്നാ പാടിയ പാട്ടാണ് (1 ശമുവേൽ 2:1,10)

## യേശുവിന്റെ ജനനം

മറിയയും യോസേഫും ഇസ്രയേൽ രാജ്യത്തിന്റെ വടക്കുഭാഗത്താണ് ജീവിച്ചിരുന്നത് എന്നാൽ മശിഹ എന്ന ഭാവിയിലെ ഇസ്രയേലിന്റെ രാജാവ് ഇസ്രയേലിന്റെ തെക്ക്ഭാഗത്തുള്ള ബേത്ത്ലേഹെം പട്ടണത്തിൽ ജനിക്കണം എന്നായിരുന്നു ബൈബിൾ പ്രവചനം. (മീഖാ 5:2) "ബേത്ത്ലേഹെം എഫ്രാത്തേ, നീ യെഹ്രദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ". (മത്തായി 2:6) "യെഹ്രദ്യ ദേശത്തിലെ ബേത്ത്ലേഹേമേ, നീ യെഹ്രദ്യ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽനിന്നു പുറപ്പെട്ടുവരും" എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതപ്പെട്ടിരിക്കുന്നു. ഈ പ്രവചന നിവർത്തിക്കായി ഗർഭവതിയായിരുന്ന മറിയ ബേത്ത്ലേഹേമിലേക്ക് യാത്ര ചെയ്യുവാനുള്ള സാഹചര്യം ദൈവം ഒരുക്കി (ലൂക്കോസ് 2:1,7വരെ) "അക്കാലത്ത് ലോകം ഒക്കയും പേർവഴി ചാർത്തേണം എന്നു ഔഗുസ്തൊസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു. കുറേന്ന്യൊസ് സുറിയനാടു



വാഴുമ്പോൾ ഈ ഒന്നാമത്തെ ചാർത്തലൽ ഉണ്ടായി. അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും, കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിന്നു ഗലീലയിലെ നസറെത്ത് പട്ടണംവിട്ടു, യെഹ്രദ്യയിൽ ബേത്ലേഹെം എന്ന ദാവീദിന്റെ പട്ടണത്തിലേക്കു പോയി. അവർ അവിടെ ഇരിക്കുമ്പോൾ അവൾക്ക് പ്രസവത്തിനുള്ള കാലം തികഞ്ഞു, അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി"

## "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന" യേശു

മനുഷ്യ ചരിത്രത്തിൽ അതീവ ശ്രദ്ധേയമായ ഒരു സംഭവം ആയിരുന്നു **യേശുവിന്റെ ജനനം** ഒരു വിധത്തിൽ പറഞ്ഞാൽ ദൈവം ലോകത്തെ ഉണ്ടാക്കിയതിന്റെ ഉദ്ദേശം തന്നെ, യേശു ക്രിസ്തുവിന്റെ ജനനം മരണം ഉയർത്തെഴുന്നേല്പ് എന്നീ സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനു വേണ്ടിയായിരുന്നു യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ ആവശ്യകത ദൈവം മുൻകൂട്ടി കണ്ടിരുന്നു എന്നതിന് തെളിവാണ്. "ലോകസ്ഥാപനം മുതൽക്കേ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും".എന്ന് വെളിപ്പാട് പുസ്ത്കം 13:8 ൽ എഴുതപ്പെട്ടിരിക്കുന്നത്.

മേൽപറഞ്ഞ ഭാഷാശൈലി ചിലപ്പോൾ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതാണ്, ദൈവത്തിന്റെ ദൃഷ്ടിയിൽ "ലോക സ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ട കുഞ്ഞാട്" ആയിരുന്നു യേശു ക്രിസ്തു, എന്നാൽ മാനുഷീകമായി നോക്കുമ്പോൾ ലോകസ്ഥാപനത്തിനു മുൻപേ യേശു അറുക്കപ്പെട്ടില്ലാ എന്ന് നമുക്കറിയാം. ദൈവം ചരിത്രത്തിന്റെ മദ്ധ്യത്തിൽ നടക്കുവാനായി നിശ്ചയിച്ചിരുന്ന ഒരു സംഭവം ആയിരുന്നു, യഹൂദന്മാരുടെയും റോമാ ഗവർണ്ണർ ആയി

രുന്ന പീലാത്തോസിന്റെയും കയ്യാൽ യേശു മരിക്കണം എന്നുള്ളത്. (AD 28 or 29) ഈ കുഞ്ഞാട് അറുക്കപ്പെടുന്നതിനും ഉയിർത്തെഴുന്നേല്ക്കുന്നതിനും മുൻപ് മനുഷ്യന് രക്ഷപെടുവാൻ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല, ഈ സംഭവത്തിനു മുൻപ് മരിച്ചവരെ വേദപുസ്തകം "നിദ്രയിൽ" ആയവർ എന്നാണ് വിശേഷിപ്പിക്കുന്നത്. (നിദ്ര എന്നത് ഉയർത്തെഴുന്നേല്ക്കും എന്ന പ്രത്യാശയോടു കൂടി മരിച്ചു പോയവരെ കുറിക്കുന്ന ഒരു ബൈബിൾ പദം ആണ്)

യേശു ക്രിസ്തുവിനു മുൻപ് ജനിച്ച് മരിച്ചവരായ അബ്രഹാം, ദാവീദ്, മുതലായവർ മരണത്തെ ഒരു യഥാർത്ഥ്യമായി അംഗീകരിച്ചു എങ്കിലും തങ്ങൾ രക്ഷിക്കപ്പെടും എന്നുള്ള പ്രത്യശയോടു കൂടി മരണത്തെ അഭിമുഖികരിച്ചവരാണ്. അതിന്റെ യാഥാർത്ഥ്യം എന്തെന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കൂടാതെ അവർക്കാർക്കും രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ക്രിസ്തു പരീക്ഷിക്കപ്പെട്ടപ്പോൾ പരാജിതനാകുകയോ ക്രൂശീകരണത്തിനു തന്നെ ത്തന്നെ സമർപ്പിക്കാതിരിക്കുകയോ ചെയ്തിരുന്നെങ്കിൽ യേശു ക്രിസ്തുവിനു മുൻപ് മരിച്ചുപോയവർക്കും ഇപ്പോഴുള്ള നമുക്കും രക്ഷയുടെ പ്രത്യാശ ഇല്ലാതെ നശിച്ചു പോകുമായിരുന്നു. യേശു ക്രിസ്തുവിന്റെ പുനരുദ്ധാനത്തെ സംബന്ധിച്ച് അപ്പോസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധേയമാണ്. (1 കൊരിന്ത്യർ 15:17–18) "ക്രിസ്തു ഉയിർത്തിട്ടില്ലാ എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു: ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി". "ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുത്ത് വരുന്നില്ല" എന്ന് യേശു പറഞ്ഞതിന്റെ സാരം ഇതു തന്നെയാണ്.

ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ടകുഞ്ഞാട് എന്നതുപോലെയുള്ള ചുരുക്കം ചില വാക്യങ്ങൾ മൂലം അനേകം ആളുകൾ ധരിച്ചു വച്ചിരിക്കുന്നത് യേശു മറിയയുടെ മകനായി



ജനിക്കുന്നതിനു മുൻപ് സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നു എന്നാണ്, അതുപോലെതന്നെ യോഹന്നാന്റെ സുവിശേഷത്തിൽ "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന" എന്നുള്ള പ്രയോഗത്തെ യേശു ശാരീരികമായി സ്വർഗ്ഗം വിട്ടിറങ്ങി മറിയയുടെ ഉദരത്തിൽ വന്നു എന്ന് ധരിക്കുന്ന ആളുകളുണ്ട്.

ഈ ചെറുപുസ്തകത്തിൽ അത്തരം സങ്കീർണ്ണ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ സാധ്യമല്ല (ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ളവർ പുസ്തകത്തിന്റെ കവർ പേജിലുള്ള അഡ്രസ്സിൽ എഴുതുക) എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ചില പോയിന്റുകൾ മാത്രം രേഖപ്പെടുത്താം എന്ന് കരുതുന്നു.

1) 'ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ട' എന്നതുപോലെയുള്ള വേദപുസ്തക ഭാഷാ ശൈലി മനുഷ്യ ബുദ്ധിക്കധീനമായ സമയ പരിധിയെക്കുറിച്ച് അല്ല, മറിച്ച് ദൈവത്തിന്റെ പ്ലാനിലും പദ്ധതിയിലും യേശു ക്രിസ്തുവിന്റെ ശുശ്രൂഷക്കുള്ള പ്രാധാന്യം ആണ് എടുത്തുകാണിക്കുന്നത്.

2) "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന" എന്ന് യേശു പറയുന്നത് മോശയുടെ കാലത്ത് സ്വർഗ്ഗത്തിൽ നിന്ന് ഇസ്രയേൽ മക്കൾക്ക് വീണുകിട്ടിയ ഭക്ഷണത്തോടു സമാനമായി നിത്യജീവനെ പ്രദാനം ചെയ്യുന്ന യഥാർത്ഥ അപ്പം ആണ് താൻ എന്ന് ജനങ്ങളെ ബോധ്യം വരുത്തുന്നതിന് വേണ്ടിയാണ് ഈ സംഭവം പഴയ നിയമ കാലത്ത് ഇസ്രയേൽ മക്കൾക്ക് മരുഭൂമിയിൽ കൊടുത്ത അപ്പം അല്ലെങ്കിൽ "മന്ന" ഇസ്രയേൽ ജനങ്ങളുടെ വിശപ്പടക്കിയെങ്കിലും അവരുടെ രക്ഷക്ക് അത് മതിയായില്ല എന്നാൽ ഈ പുതിയ അപ്പം ജീവനുള്ള അപ്പം ആയ യേശു മനുഷ്യന്റെ ജീവനെ രക്ഷിക്കുവാൻ വന്നതാണ്.

3. "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന" എന്ന വാക്ക് അക്ഷരീയ

മായി നാം എടുത്താൽ യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട അനേക കാര്യങ്ങൾ അക്ഷരീയമായി നാം എടുക്കേണ്ടിവരും അങ്ങനെയാണെങ്കിൽ യേശുവിനെ ഗർഭംധരിച്ചത് അക്ഷരീയമല്ല (യേശുമുൻപേ ഉണ്ടായിരുന്നു എങ്കിൽ) എന്നും തന്റെ ജനനം ശരിയായ ഒരു ജനനം അല്ലാ എന്നും താൻ ബാലനായിരുന്നപ്പോൾ യഥാർത്ഥത്തിൽ ബാലനായിരുന്നില്ല. "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" (ലൂക്കോസ് 2:40) എന്നുള്ള വേദഭാഗവും അക്ഷരീയമല്ലാ എന്നും നാം ധരിക്കേണ്ടിവരും, അതുപോലെ സ്വർഗ്ഗത്തിൽ നിന്ന് അക്ഷരീയമായി ഇറങ്ങിവന്നെങ്കിൽ ജ്ഞാനം നിറയുന്നതിനും ആത്മാവിൽ ബലപ്പെടുന്നതിനും ദൈവത്തിന്റെ കൃപയിൽ വളരുന്നുതിനും ആവശ്യമില്ലല്ലോ. എബ്രായർ 4:15 "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്." അതുപോലെ എല്ലാറ്റിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെടുവാനും സാധ്യമായിരുന്നില്ല അതിനെക്കാളൊക്കെ ഉപരിയായി സ്വാഭാവീകമായി ചിന്തിക്കുമ്പോൾ ക്രിസ്തു യഥാർത്ഥത്തിൽ മരിച്ചില്ല എന്നു നാം ചിന്തിക്കേണ്ടിവരും (1 കൊരിന്ത്യർ 15:3) ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു.

അവസാനം എഴുതിയ ഒരു പോയിന്റ് അധികമായി പോയി എന്ന് തോന്നിയേക്കാം എന്നാൽ അല്ലെന്നതാണ് സത്യം, അക്ഷരീയമായി യേശു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നതാണ് എന്നു വിശ്വസിക്കുന്നവർ "അതേ അവന്റെ ശരീരം മരിച്ചു എന്നാൽ യേശു മരിച്ചില്ല" എന്ന് നിങ്ങളോട് പറയും. എന്നാൽ ബൈബിൾ സത്യം അതല്ല. 1 കൊരിന്ത്യർ 15:3ൽ ഏറ്റവും അടിസ്ഥാനപരമായ സുവിശേഷ സത്യമായി യേശുവിന്റെ മരണത്തെയാണ് പൗലോസ്



ചൂണ്ടിക്കാണിക്കുന്നത് ഈ സത്യവിശ്വാസത്തിൽ നിന്നും വിട്ടു പോയാൽ നിങ്ങൾ വിശ്വസിച്ചത് വ്യർത്ഥമായിപ്പോയി എന്ന് 1 കൊരിന്ത്യർ 15:2 "നിങ്ങൾ വിശ്വസിച്ചതും നിങ്ങൾ വൃഥാവല്ലെന്നുവരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപിക്കുന്നു." യോഹന്നാന്റെ സുവിശേഷം 6ാം ആദ്ധ്യായം ആലങ്കാരികമായി എടുക്കുന്നതായിരിക്കും നല്ലത് അതൊഴിച്ച് സുവിശേഷഭാഗങ്ങൾ അക്ഷരീയമായിട്ട് എടുക്കുന്നതിൽ തെറ്റില്ല.

4. അവസാനമായി യേശു തന്റെ ജനനത്തിനു മുൻപേ സ്വർഗ്ഗത്തിൽ ജീവിച്ചിരിക്കുകയും മറിയയുടെ ഉദരത്തിൽ ഒൻപത് മാസത്തേക്ക് താല്ക്കാലിക വാസം ചെയ്യുകയുമാണ് ഉണ്ടായതെങ്കിൽ മറിയയെ യേശുവിന്റെ യഥാർത്ഥ അമ്മയായി കരുതുവാൻ പാടില്ല. ഒരു കുഞ്ഞിനെ ഒൻപത് മാസം വഹിച്ചുകൊണ്ട് നടക്കുന്നത് മാത്രമല്ല, കുഞ്ഞിനെ പ്രസവിക്കുകയും വളർത്തുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ധർമ്മം. തന്നെ ഉദരത്തിൽ വഹിച്ചതുകൊണ്ട് മാത്രമല്ല മറ്റുള്ള എല്ലാ മനുഷ്യകുഞ്ഞിനെയും പോലെ തന്റെ അമ്മയുടെ ഭൗതീക സ്വഭാവ വിശേഷങ്ങളും യേശു പങ്കുവച്ചു കൂടാതെ അവൻ ഒരു കുട്ടിയായിരുന്നപ്പോൾ അവനെ സംരക്ഷിക്കുകയും ഒരു ബാലനായി വളർത്തുകയും ചെയ്തു. മറിയ യേശുവിന്റെ യഥാർത്ഥ അമ്മയാണെങ്കിൽ ആ അമ്മയെ കൂടാതെ യേശുവിന് നിലനില്ക്കാമായിരുന്നില്ല അതുകൊണ്ട് തന്നെ യേശുവിന് മറിയയിൽ നിന്ന് ഭൂമിയിൽ ജനിക്കുന്നതിനു മുൻപേ സ്വർഗ്ഗത്തിൽ ഒരു വാസം ഉണ്ടായിരുന്നില്ല. സുവിശേഷകനായ ലൂക്കോസ് പറയുന്ന "ഗർഭം ധരിച്ചു" എന്ന വാക്ക് യേശുവിനെ സംബന്ധിച്ച് രേഖപ്പെടുത്തിയ അതേരീതിയിൽ ആണ് യോഹന്നാൻ സ്നാപകനെ അന്റെ അമ്മയായ ഏലിസബത്ത് ഗർഭം ധരിച്ചു എന്ന് ലൂക്കോസ് 1:26–31 വാക്യങ്ങളിൽ പറയുന്നത്.

### സ്ത്രീയിൽ നിന്നും ജനിച്ചവൻ

മറിയ യേശുവിന്റെ അമ്മയായിരുന്നു എന്നുള്ളത് വചന പ്രകാരം വിശ്വസിക്കേണ്ടത് ആവശ്യമാണ് കാരണം തുടർന്നുള്ള സുവിശേഷ ഭാഗങ്ങൾ അതേപ്രകാരം അർത്ഥവത്തായി നമുക്ക് വായിക്കുവാൻ സാധിക്കും. യേശു ഒരു മനുഷ്യ സ്ത്രീയിൽ നിന്ന് ആത്മീയമായി ജന്മം എടുത്തു എന്നതുകൊണ്ട് തന്നെ അവൻ ഒരു മനുഷ്യനായിരുന്നു എന്നുള്ളതും പ്രാധാന്യമർഹിക്കുന്നു യേശുവിന്റെ ശുശ്രൂഷയ്ക്ക് ഈ മനുഷ്യ സ്വഭാവങ്ങൾ പങ്കുവയ്ക്കേണ്ടത് ആവശ്യമായിരുന്നു. (ഗലാത്യർ 4:4,5) "എന്നാൽ കാല സംപൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി ന്യായ പ്രമാണത്തിൻ കീഴിൽ ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴിൽ ഉള്ളവരെ വിലക്കു വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ"

യേശു ക്രിസ്തു സ്ത്രീയിൽ നിന്നും ജനിച്ചവനും "ന്യായ പ്രമാണത്തിൻ കീഴെ ജനിച്ചവനും ആയിരുന്നു" കുറച്ചുകൂടെ വ്യക്തമായി പറഞ്ഞാൽ യേശു ഹവ്വായിൽകൂടി വന്ന മരണത്തിന്റെ പ്രമാണത്തിനും (ഉല്പത്തി 3) മോശയിൽകൂടി ലഭിച്ച ന്യായപ്രമാണത്തിനും കീഴിൽ ആയിരുന്നു.

ദൈവ പുത്രൻ എന്ന നിലയിൽ സ്വർഗ്ഗത്തിൽ ആയിരുന്നതുകൊണ്ട് ഭൂമിയിലെ യേശുവിന്റെ ജീവിതം ഒരു ഇടവേള മാത്രം ആയിരുന്നു എന്ന് അനേകം ആളുകൾ ചിന്തിക്കുന്നുണ്ട് എന്നാൽ വേദപുസ്തകം ഈ രീതിയിൽ യേശുവിനെക്കുറിച്ച് പറയുന്നതേയില്ല (റോമർ 1:2,7) ദൈവം "തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെകുറിച്ച് വിശുദ്ധ രേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുൻകൂട്ടി വാഗ്ദത്തം ചെയ്ത സുവശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശു ക്രിസ്തുവിന്റെ ദാസനുമായ പൌലൊസ് റോമായിൽ ദൈവ



ത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നതു: നമ്മുടെ പിതാവായദൈവത്തിങ്കൽ നിന്നും കർത്താവായ യേശു ക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കുകയും മരിച്ചിട്ട് ഉയർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്ന വനാണല്ലോ ഞങ്ങൾ അവന്റെ നാമത്തിന്നായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന്നു അനുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു. അവരിൽ യേശു ക്രിസ്തുവിന്നായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ ആവക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി സത്യാനുസരണയായിരിക്കുന്നു എന്നു നാം അറിയുന്നു. "ആവക പ്രവർത്തിക്കുന്നവരെ വിധിക്കുയും അതു തന്നേ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ നിന്നു തെറ്റി ഒഴിയും എന്ന് നിനെക്കുന്നുവോ?"

ദൈവപുത്രനെക്കുറിച്ചുള്ള സദ്വാർത്ത മുൻപേ പ്രഖ്യാപിച്ചിരുന്നു എന്നാണല്ലോ ഇതിന്റെ അർത്ഥം, യേശുവിന്റെ ജനനത്തിനു വളരെ മുൻപ്തന്നെ പഴയനിയമ പ്രവാചകന്മാർ ഈ സത്യം മുൻകൂട്ടി കണ്ടിരുന്നു എന്നും നാം മനസ്സിലാക്കുന്നു. അവൻ ദാവീദിന്റെ സന്തതിയായിരിക്കുമെന്നും വാഗ്ദാനം ചെയ്തിരുന്നു. ഇതിന്റെയൊക്കെ അർത്ഥം ദൈവപുത്രനായ യേശു ദാവീദിൽ നിന്ന് ജനിച്ചവനാണ്, ആ ജനനത്തിനുമുൻപ് ഉണ്ടായിരുന്നില്ല എന്നല്ലേ? തന്റെ ജനനത്തിനുമുൻപേ യേശു ഉണ്ടായിരുന്നു എങ്കിൽ ദാവീദിന്റെ സന്തതി എന്നെങ്ങനെ പറയും? അതുപോലെ ദാവീദിന്റെ സന്തതിയായ മറിയയുടെ മകൻ എന്നുപറയുവാൻ സാദ്ധ്യമല്ല യേശു ദൈവപുത്രൻ എന്ന് വിളിക്കപ്പെടുവാൻ ഉള്ള കാരണം താൻ സ്വർഗ്ഗത്തിൽ നേരത്തേ ഉണ്ടായിരുന്നതുകൊണ്ടല്ല; മരണത്തിൽ നിന്നുള്ള ഉയർത്തെഴുന്നേല്പിനെ ആശ്രയിച്ചാണ്.

മറിയയിൽ നിന്ന് ജനിക്കുന്നതിനു മുൻപേ യേശു സ്വർഗ്ഗത്തിൽ ഉണ്ടായിരക്കുകയും ദൈവം ആയിരിക്കുകയും ചെയ്തിരുന്നു എങ്കിൽ മറിയ ദൈവത്തിന്റെ അമ്മ എന്ന് വിളിക്കപ്പെടേണ്ടിവരും, ഇത് പൂർണ്ണമായും വേദ വിപരീതമായ ഒരു ചിന്താഗതിയാണ് എന്നാൽ മറിയ ദൈവപുത്രനായ യേശുവിന്റെ അമ്മ ആയിരുന്നു.

## സ്ത്രീയുടെ സന്തതി

മറിയയിൽ നിന്നു ജനിക്കുന്നതിനു മുൻപേ യേശു ഉണ്ടായിരുന്നില്ലാ എന്ന് വിശ്വസിക്കുവാൻ വേറെയും കാരണം ഉണ്ട്. (ഉല്പത്തി 3:15) “ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും, അവൻ നിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും” ഇവിടെ പ്രതിപാദിക്കുന്ന സ്ത്രീ ഹവ്വയാണ്; മറിയയല്ല എല്ലാമനുഷ്യരും ഹവ്വയിൽ ഉള്ളവർ ആണ് എല്ലാവരും സ്ത്രീയുടെ സന്തതികളും ആണ്, എന്നാൽ സർപ്പത്തിന്റെ തല തകർക്കുന്നത് ഒരു പ്രത്യേക സന്തതിയാണ് അത് യേശുവാണ്. യേശു മറിയയിൽ നിന്ന് അതായത് ഒരു സ്ത്രീയിൽ നിന്ന് ജനിച്ചതുകൊണ്ടാണ് ഈ പ്രവചനം നിവർത്തിയാക്കുവാൻ യേശുവിനു സാധിച്ചത് യേശു സ്വർഗ്ഗത്തിൽ ആദിമുതൽ ഉണ്ടായിരുന്നു എങ്കിൽ ഒരു സ്ത്രീയുടെ സന്തതിയായി ജനിക്കുന്നതിനു സാദ്ധ്യമല്ലായിരുന്നു; ഹവ്വയേക്കാൾ മുൻപൻ ആകുമായിരുന്നു.

## ബാലനായ യേശു ദേവാലയത്തിൽ

യേശു ജനിച്ച ബേത്‌ലഹേമിൽ അവൻ പരിഛേദനയേല്ക്കുകയും പേരിടപ്പെടുകയും ചെയ്തു. (ലൂക്കോസ് 2:21) “പരിഛേദന കഴിപ്പാൻ ഉള്ള എട്ടുദിവസം തികഞ്ഞപ്പോൾ അവൻ ഗർഭത്തിൽ ഉല്പാദിക്കും മുൻപേ ദൂതൻ പറഞ്ഞതുപോലെ അവനു യേശു എന്ന് പേർ വിളിച്ചു”.



എല്ലാ യഹൂദ സ്ത്രീകളേയും പോലെ ശിശുവിന്റെ ജനനത്തിനു ശേഷം മറിയയും നാല്പതു ദിവസത്തെ ശുദ്ധീകരണ കാലം തികച്ചു അതിനു ശേഷം യോസേഫും മറിയയും ഏക ദേശം പത്ത് കിലോമീറ്റർ യാത്ര ചെയ്തു യെരുശലേം ദേവാലയത്തിൽ അന്നത്തെ സാധാരണക്കാരന് വിധിച്ചിരുന്ന രണ്ട് കുറുപ്രാവിനെ യാഗം കഴിച്ചു യരുശലേം ദേവാലയത്തിലെ പ്രായം ചെന്ന പുരോഹിതൻ ആയിരുന്ന ശിമയോന് താൻ ക്രിസ്തുവിനെ കാണുന്നതിന് മുൻപ് മരണം കാണുകയില്ല എന്ന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിരുന്നു. അവൻ യേശുവിനെ കണ്ടപ്പോൾ ആ ശിശുവിനെ കൈകളിൽ എടുത്ത് ദൈവത്തെ സ്തുതിച്ചു “ഇപ്പോൾ നാഥാ തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു ജാതികൾക്ക് വെളിപ്പെടാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രയേലിന്റെ മഹത്വവുമായി നീ സകല ജാതികളുടേയും മുൻപിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ എന്റെ കണ്ണു കണ്ടുവല്ലോ” (ലൂക്കോസ് 2:3,31) ഇവരെ കൂടാതെ ദൈവാലയത്തിൽ 84 വയസ്സുള്ളതും പ്രവാചകിയുമായ ഒരു വിധവ ഉണ്ടായിരുന്നു (ലൂക്കോസ് 2:38) “ആ നാഴികയിൽ അവളും അടുത്ത് നിന്ന് ദൈവത്തേ സ്തുതിച്ചു യരുശലേമിന്റെ വിണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെ കുറിച്ച് പ്രസ്താവിച്ചു”.

## ഈജിപ്റ്റിലേക്കുള്ള പലായനം

ദേവാലയ സന്ദർശനത്തിനു ശേഷം യോസേഫും മറിയയും കിഴക്കുനിന്നു വന്ന ചില വിദ്വാന്മാരെ സ്വീകരിക്കുകയുണ്ടായി (മത്തായി 2:1,12) എന്നാൽ ഒരു സ്വപ്നത്തിൽ അരുളപ്പാട് ഉണ്ടായതനുസരിച്ച് ശിശുവായ യേശുവിനു വധ ഭീഷണി ഉണ്ടായിരുന്നതിനാൽ ഈജിപ്റ്റിലേക്ക് ഓടിപ്പോയി (മത്തായി 2: 13,19) പിന്നീട് ഹെറോദാവിന്റെ മരണത്തിനു ശേഷമാണ് യോസേഫും മറിയയും ഗലീലിയിലെ നസ്രത്തിലേക്ക് തിരികെ വന്നത് (മത്തായി 2:19,23) “എന്നാൽ ഹെരോദാവു കഴിഞ്ഞുപോയ ശേഷം കർത്താവിന്റെ

ദൂതൻ മിസ്രയീമിൽവെച്ചു യോസേഫിന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി: ശിശുവിന്നു പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ടു നീ എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടികൊണ്ട് യിസ്രയേൽ ദേശത്തേക്കു പോക എന്നു പറഞ്ഞു".

(ലൂക്കോസ് 2:52) "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെ യും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു" മേൽപറഞ്ഞ വാക്യം യേശു ക്രിസ്തുവിന്റെ ജനനം അക്ഷരീയമായും യാഥാർത്ഥ്യവും ആണെന്നുള്ളതിന് തെളിവാണ്.

## യേശു പന്ത്രണ്ടാമത്തെ വയസ്സിൽ

യേശുവിന്റെ ബാല്യകാലത്തെ സംഭവങ്ങളിൽ നിന്ന് ഒരു കാര്യം മാത്രമേ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളു (ലൂക്കോസ് 2:41,52) അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും പെസഹപെരുനാളിന്നു യെരുശലേമിലേക്കു പോകും. അവന്നു പന്ത്രണ്ടുവയസ്സായപ്പോൾ അവർ പതിവുപോലെ പെരുനാളിന്നു പോയി. പെരുന്നാൾ കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചു; അമ്മയപ്പന്മാരോ അതറിഞ്ഞിരുന്നില്ല. സഹയാത്രക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കും എന്നു അവർ ഊഹിച്ചിട്ടു ഒരു ദിവസത്തെ വഴി പൊന്നു; പിന്നെ അവനെ ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ടു അവനെ അന്വേഷിച്ചുകൊണ്ട് യെരുശലേമിലേക്കു മടങ്ങിപ്പോയി.

മൂന്നുനാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കുകയും അവരോടു ചോദിക്കുയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്കു കേട്ടവർക്കെല്ലാവർക്കും വിസ്മയം തോന്നി അവനെ കണ്ടിട്ടു അവർ അതിശയിച്ചു. അമ്മ അവനോടു: മകനേ ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്തു? നിന്റെ അപ്പനും ഞാനും



വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു എന്നു പറഞ്ഞു. അവൻ അവരോട്: എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു. അവൻ തങ്ങളോടു പറഞ്ഞ വാക്ക് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി, നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു. ഈ കാര്യങ്ങൾ എല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു.

## യേശുവിന്റെ ജീവിതത്തിലെ അറിയപ്പെടാത്ത വർഷങ്ങൾ

12ാം വയസ്സിൽ ദേവാലയത്തിൽ പോകുന്നതിനും 30ാം വയസ്സിൽ സ്നാനം ഏല്ക്കുന്നതിനും ഇടയിലുള്ള കാലയളവിലെ കാര്യങ്ങൾ നമുക്ക് എഴുതപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ കാലഘട്ടത്തെക്കുറിച്ച് വളരെ കുറച്ചു മാത്രമേ നമുക്ക് അറിവുള്ളു. ഈ കാലയളവിലെ മറിയയുടെ ജീവിതത്തേക്കുറിച്ച് നമുക്ക് കാര്യമായ രേഖകൾ ഇല്ല. ഈ കാലത്തിലേക്കു വെളിച്ചം വീശുന്ന ഒരു പ്രധാന വാക്യം ലൂക്കോസ് 2:52 ആണ് "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടേയും കൃപയിലും മുതിർന്നു വന്നു" (ലൂക്കോസ് 2:52) യേശുവിന്റെ ജനനത്തെക്കുറിച്ച് മുൻപ് പ്രസ്താവിച്ച ബൈബിൾ സത്യം യേശുവിന്റെ ജനനം അക്ഷരീയമാണെന്നുള്ളതും മറിയ യേശുവിന്റെ യഥാർത്ഥ അമ്മയാണെന്നുള്ളതും ഈ വാക്യത്തിൽ ഊന്നിപ്പറയുകയാണ്. തന്റെ ജനനത്തിന് മുൻപ് യേശു സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നു എങ്കിൽ ജ്ഞാനത്തിലും ദൈവത്തിന്റെ കൃപയിലും വളരേണ്ട ആവശ്യമില്ലായിരുന്നു.

മറിയക്ക് വേറെ നാല് പുത്രന്മാരും പുത്രിമരും ഉണ്ടായിരുന്നു എന്നാണ് (മത്തായി 13:55,56) "ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദ എന്നവർ അല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെയില്ലയോ? ഇവന്നു ഇതു ഒക്കയും എവിടെനിന്നു എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി". മർക്കോസ് 6:3ൽ നാം വായിക്കുന്നത് യേശുവിന്റെ വളർച്ചയുടെ

സമയത്ത് മറിയ തന്റെ മറ്റുകുട്ടികളെ സംരക്ഷിക്കുന്നതിൽ വ്യാപൃതയായിരുന്നിരിക്കണം അവിടുന്ന് നസ്രത്ത് പട്ടണത്തിൽ പ്രസംഗിച്ചപ്പോൾ "ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെ ഇല്ലയോ?" (മത്തായി 11:56) എന്ന് ജനങ്ങൾ അതിശയിക്കുന്നു അവരൊക്കയും വീട്ടിൽ തന്നെ ഉണ്ടായിരുന്നു എന്നല്ലേ അതിന്റെ അർത്ഥം? യേശു മൂത്ത സഹോദരൻ എന്ന നിലയിൽ തന്റെ ചുമതലകൾ നിർവ്വഹിക്കേണ്ട ആളുമായിരുന്നു.

മർക്കോസ് 6ന്റെ 3ൽ താൻ യോസേഫിനെപോലെ ഒരു തച്ചനായി ജോലിചെയ്തു എന്നു സൂചനയുണ്ട്, ആശാരിപ്പണി ഇന്നും വലിയ വ്യത്യാസമില്ലാതെ അന്നത്തെ പോലെ നടക്കുന്ന ഒന്നാണ്. നല്ല പ്രാവീണ്യവും കഠിനാധ്വാന ശീലവും വിശ്വസ്തതയും ഉള്ളവർക്ക് ചെയ്യാവുന്ന ഒരു ജോലി! ഈ ജോലി യേശുവിനെ പലതരത്തിലുള്ള ആളുകളുമായി കണ്ടുമുട്ടുന്നതിനും ഗലീലിയായിൽ പല സ്ഥലങ്ങളിൽ യാത്ര ചെയ്യുന്നതിനും പ്രാപ്തനാക്കി, യേശുവിന്റെ യൗവ്വന കാലത്ത് സമീപ പട്ടണമായ സെഫോറിസ് ഒരു അഴിച്ചുപണിയുടെ ആരംഭത്തിൽ ആയിരുന്നു എന്ന് ചരിത്രത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു അക്കാരണത്താൽ കൈപണിക്കാരെയും തച്ചന്മാരെയും റോമാ സാമ്രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും കൊണ്ടുവന്നിരുന്നു സെഫോറിസ് എന്ന സ്ഥലം കേവലം ഒരു മണിക്കൂർ നടപ്പു ദൂരമേ ഉണ്ടായിരുന്നുള്ളു അതുകൊണ്ട് നസ്രത്ത് കാരനായ ഒരു ആശാരി ന്യായമായും അവിടെ പോയി ജോലിചെയ്തിരിക്കണം കൂടാതെ ഗ്രീക്ക് ആയിരുന്നു ഗസഫോറിസിലെ സംസാരഭാഷ. ഭവനത്തിൽ അരാമ്യ ഭാഷമാത്രം സംസാരിച്ചിരിന്ന യേശു ഈ ജോലി മൂലം ഗ്രീക്ക് ഭാഷകൂടി പഠിച്ചു എന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. സെഫോറിസ് പട്ടണത്തിന്റെ പുനരുദ്ധാരണം തന്റെ കുടുബത്തിനു കൂടുതൽ വരുമാനം ഉണ്ടാകുവാൻ പ്രേരകമായി എന്ന് ചിന്തിക്കുന്നതിലും തെറ്റില്ല.



യേശുവിന്റെ വിദ്യാഭ്യാസ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു സമയം മോശയുടെ ന്യായപ്രമാണം പഠിക്കുന്നതിൽ ചെലവഴിച്ചുകാണും. ഇത് ഇസ്രയേലിലെ രാജാക്കന്മാരുടെയെല്ലാം കടമയായിരുന്നു എന്ന് ചരിത്രത്തിൽ നിന്ന് നമുക്ക് കാണാം. "വരുവാനിരിക്കുന്ന രാജ്യത്തിൽ സിംഹാസനം കൈയേൽക്കുമ്പോൾ ഈ ന്യായ പ്രമാണത്തിന്റെ ഒരു പകർപ്പ് താൻ എഴുതേണ്ടതാണ്" (ആവർത്തന പുസ്തകം 17:18,20) അവൻ തന്റെ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതന്മാരുടെ പക്കൽനിന്നു ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പു ഒരു പുസ്തകത്തിൽ എഴുതി എടുക്കേണം. ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചുനടന്നു തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു അതു അവന്റെ കൈവശം ഇരിക്കയും അവന്റെ ഹൃദയം സഹോദരന്മാർക്കു മീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പനവിട്ടു ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെയും ഇരിക്കേണ്ടതിന്നും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീഘകാലം രാജ്യ ഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ ആയുഷ്ക്കാലം ഒക്കയും അതുവായിക്കുകയും വേണം. നമ്മിൽ എത്ര പേർക്ക് ഇന്ന് നമ്മുടെ സമയവും, പണവും ചിലവഴിച്ചുകൊണ്ട് ദൈവ വചനത്തിന്റെ ഒരു കൈയ്യെഴുത്തുപ്രതി സ്വന്തമായി ഉണ്ടാക്കുവാൻവേണ്ടി സാധിച്ചിട്ടുണ്ട്, ചെറുപ്പക്കാരനായ യേശു ന്യായപ്രമാണത്തിന്റെ പൂർത്തികരണത്തിനായി തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് ഇത് ചെയ്തു എന്ന് വിശ്വസിക്കുന്നതിൽ ന്യായമുണ്ട് ഇത് ശ്രദ്ധിച്ചിട്ടാണോ മറിയ "എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചത്"? (ലൂക്കോസ് 2:51) "പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി, നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു, ഈ കാര്യങ്ങൾ എല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു." തന്റെ ജീവിത കാലമൊക്കയും യേശു തിരുവെഴുത്തുകൾ ദിനം പ്രതി വായിച്ചിരുന്നതു കൊണ്ടാണ് തന്റെ വാക്കുകളിൽ എല്ലാം നാം തിരുവെഴുത്തുകൾ കാണുന്നത്. അവിടുത്തെ മനസ്സ് തിരുവെഴുത്തുകളുടെ ഒരു സമാഹാരമായിരുന്നു.

22ാം സങ്കീർത്തനത്തിൽ യേശു ക്രിസ്തുവിന്റെ ചെറുപ്പകാലത്തെ ജീവിതത്തെക്കുറിച്ച് വെളിച്ചം വീശുന്ന ഒരു ഭാഗം ഉണ്ട് (സങ്കീർത്തനം 22:18 ഈ സങ്കീർത്തനം യേശുവിന്റെ ക്രൂശികരണത്തെക്കുറിച്ചുള്ള പ്രവചനം കൂടിയാണ്) തന്റെ ബാല്യകാലത്തെക്കുറിച്ച് യേശു ഇങ്ങനെ പറയുന്നു. (സങ്കീത്തനം 22:9,10) "നീയല്ലോ എന്നെ ഉദരത്തിൽ നിന്ന് പുറപ്പെടുവിച്ചവൻ എന്റെ അമ്മയുടെ മുലകുടിക്കുമ്പോൾ നീ എന്നെ നിർഭയം വസിക്കുമാറാക്കി ഗർഭപാത്രത്തിൽ നിന്ന് ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവം" മറിയയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ യേശുതന്റെ പിതാവായ ദൈവത്തിൽ വിശ്വസിച്ചു, ആശ്രയം വച്ചു ഇതേപ്രകാരം തന്റെ പിതാവിനോടുള്ള അനുസരണയെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു. (എബ്രായർ 5:7,8) ക്രിസ്തു തന്റെ ഐഹീക ജീവിത കാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറെച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയ ഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി".

പന്ത്രണ്ടു വയസ്സുകാരനായ യേശു ദേവാലയം സന്ദർശിക്കുന്നതിനും തന്റെ ക്രൂശീകരണത്തിനുമിടയിൽ എപ്പോഴോ മറിയയുടെ ഭർത്താവും യേശുവിന്റെ വളർത്തു പിതാവുമായ യോസേഫ് മരിച്ചു എന്ന് നമുക്കനുമാനിക്കാം മറിച്ചായിരുന്നെങ്കിൽ തന്റെ ശിഷ്യനായ യോഹന്നാനോട് തന്റെ മാതാവിനെ സംരക്ഷിക്കണമെന്ന് യേശു ആവശ്യപ്പെടുകയില്ലായിരുന്നു (യോഹന്നാൻ 19:25,27) യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നതു കണ്ടിട്ടു: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്നു അമ്മയോടു പറഞ്ഞു.



തന്റെ ശുശ്രൂഷയുടെ ആരംഭത്തിന് തൊട്ടുമുൻപ് യേശുവിന്റെ ബന്ധുകൂടിയായ സ്നാപകയോഹന്നാൻ വലിയ ഒരു സുവിശേഷകനായി മാറി. (ലൂക്കോസ് 3:1,18)

## യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തുന്നു

യേശുവിനു 30 വയസ്സു തികഞ്ഞപ്പോൾ താൻ യോഹന്നാനാൽ സ്നാനപ്പെടേണ്ടതിനു പോയി, (മത്തായി 3:16,17) യേശു സ്നാനം ഏറ്റയുടനെ വെള്ളത്തിൽ നിന്നു കയറി അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നുത് അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദവും ഉണ്ടായി".

ഇതിനു ശേഷം നാല്പതു ദിവസം താൻ മരുഭൂമിയിൽ ആയിരുന്നു (മത്തായി 4:1,11) താൻ നേരിട്ട പരീക്ഷകൾ ഒക്കെയും യേശു വരുവാനുള്ള മശിഹ ആണെന്ന് തെളിയിച്ചു കൊടുക്കുവാൻ യഹൂദന്മാർ ആവശ്യപ്പെട്ട സംഗതികൾ ആയിരുന്നു. യേശുവിനുണ്ടായ മൊത്തം പരീക്ഷകൾ ഇതു മാത്രം ആയിരുന്നു എന്ന് തെറ്റിദ്ധരിക്കുന്നവർ ഉണ്ട്, എന്നാൽ വേദപുസ്തകം അപ്രകാരം പറയുന്നില്ല.

"അങ്ങനെ പീശാച് സകല പരീക്ഷയും തികച്ചശേഷം കുറെ കാലത്തേക്ക് അവനെ വിട്ടുമാറി" (ലൂക്കോസ് 4:13) തന്റെ ശുശ്രൂഷയുടെ ബാക്കിയുള്ള കാലയളവിൽ അനേക സന്ദർഭങ്ങളിൽ യേശു വീണ്ടും പരീക്ഷിക്കപ്പെട്ടു എന്നാണല്ലോ ഇതിന്റെ അർത്ഥം.

ഇതിനു ശേഷം ആണ് യേശു നസ്രത്തിൽ ഉള്ള തന്റെ കുടുംബവീടു വിട്ട് ഗലീല കടലിനരികെയുള്ള കഫർന്നഹൂമിലേക്ക് മാറിയതും അവിടെയുള്ള മീൻ പിടുത്തക്കാരിൽ നിന്ന് തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തതും (മത്തായി 21:13) "എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കു

ന്നു എന്നു പറഞ്ഞു''. മറിയ നസ്രത്തിൽ ഉള്ളവീട്ടിൽ തന്നെ താമസിച്ചിരിക്കാനും യേശുവിന്റെ സഹോദരന്മാർ കുലത്തൊഴിലായ ആശാരി പണി ഏറ്റെടുത്തിരുക്കാനുമാണ് സാധ്യത.

## കാനാവിലെ കല്യാണം

ആദ്യത്തെ അതിശയ പ്രവൃത്തി തന്റെ അമ്മയുടെ അപേക്ഷ പ്രകാരം ആണ് യേശു ചെയ്തത്. നസ്രത്തിലെ ഭവനത്തിൽ നിന്ന് ഏകദേശം 20 കിലോമീറ്റർ വടക്കോട്ടു യാത്രചെയ്താണ് മറിയ കല്യാണവീട്ടിൽ എത്തിയത്, ഏകദേശം അതേദൂരം ഉള്ള കഫർന്നഹൂമിൽ നിന്നാണ് യേശുവും ശിഷ്യന്മാരും കാനവിൽ എത്തിച്ചേർന്നത് കല്യാണ വിരുന്നിനുള്ള വീഞ്ഞ് തീർന്നപ്പോൾ മറിയ യേശുവിന്റെ അടുക്കൽ വന്ന് സഹായത്തിനായി അപേക്ഷിച്ചു.

ഒരു തച്ചനായിരുന്ന തന്റെ മകനോട് വീഞ്ഞിനുവേണ്ടി അപേക്ഷിച്ചത് ശരിക്കും ഒരു വിരോധാഭാസമായിരുന്നു. തന്റെ സ്നാന സമയത്താണ് അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള ശക്തി യേശുവിനു ലഭിച്ചത്, മരുഭൂമിയിൽ നാല്പതു ദിനം വിശന്നും ദാഹിച്ചും ഇരുന്ന സന്ദർഭത്തിൽപോലും യേശു ഈ ശക്തി ഉപയോഗിച്ചിരുന്നില്ല. യേശുവിന് ഈ സന്ദർഭത്തിൽ സഹായിക്കുവാൻ കഴിയുമെന്ന് മറിയയ്ക്ക് ധാരണ ഉണ്ടായിരുന്നു ഒരു പക്ഷേ യശയ്യാവിന്റെ പുസ്തകത്തിലെ പ്രവചനം (യെശയ്യാവ് 55:1) ''അല്ലയോ ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.'' അധികം താമസിയാതെ യേശുതന്നെ ഈ പ്രവചനം ഉദ്ധരിക്കുന്നുണ്ട് (യോഹന്നാൻ 4:14) ''ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവനിലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും എന്നുത്തരം പറഞ്ഞു''. ഇതൊക്കെയാണെങ്കിലും മറിയയുടെ ഈ നിവേദനത്തിൽ യേശുവിന് പൂർണ്ണമായ സന്തോഷമില്ലായിരുന്നു. (യോഹന്നാൻ 2:4) ''യേശു അവളോട്, സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു''. തെറ്റായ കാരണത്താൽ തന്നെ അനുഗമിക്കുവാൻ ഈ ആത്ഭുത പ്രവൃത്തി വഴിതെളിക്കും എന്നുള്ളതുകൊണ്ടായിരിക്കാം യേശു അപ്രകാരം പറഞ്ഞത്, എങ്കിലും തന്റെ അമ്മയുടെ അപേക്ഷകേട്ട് ആറ് വലിയ കല്പാത്രങ്ങളിലെ വെള്ളം യേശു വീഞ്ഞാക്കിമാറ്റി.

## എന്റെ അമ്മയും സഹോദരന്മാരും ആര്?

മറിയയുടെ ജീവിതത്തിലെ നിർഭാഗ്യകരമായ കാലയളവിന്റെ തുടക്കമാണ് അടുത്ത വാക്യത്തിൽ നാം കാണുന്നത് അവന്റെ സഹോദരന്മാർ അവനോട് നീ ചെയ്യുന്ന പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന് ഇവിടം വിട്ട് യെഹൂദ്യയിലേക്ക് പോക എന്നുപറഞ്ഞു. പ്രസിദ്ധനാകുവാൻ ആഗ്രഹിക്കുന്നവരാരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ. നീ ഇതു ചെയ്യുന്നു എങ്കിൽ ലോകത്തിന് നിന്നെത്തന്നെ വെളിപ്പെടുത്തുക എന്നു പറഞ്ഞു, അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല (യോഹന്നാൻ 7:35) അതു കേട്ടിട്ടു യെഹൂദന്മാർ: നാം കണ്ടെത്താത്തവണ്ണം ഇവൻ എവിടേക്കു പോകുവാൻ ഭാവിക്കുന്നു? യവനന്മാരുടെ ഇടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി യവനരെ ഉപദേശിപ്പാൻ ഭാവമോ?.

യഥാർത്ഥത്തിൽ അവന്റെ ഇളയ സഹോദരന്മാർ അവനിൽ വിശ്വസിച്ചില്ല, പകരം അവനെ കളിയാക്കുകയാണ് ചെയ്തത്.

യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിലാണ് ഈ സംഭവം ഉണ്ടായത് അല്പകാലത്തിനു ശേഷം വലിയ ജനക്കൂട്ടം യേശുവിനെ പിൻ പറ്റിയപ്പോൾ തന്റെ സഹോദരന്മാരുടെ മനോഭാവം കുറെക്കൂടെ കഠിനമായതായി നാം വായിക്കുന്നു മറിയയും അവരോട് ചേർന്നതായി കാണുന്നുണ്ട്. (മർക്കോസ് 3:20,21)

"അവൻ വീട്ടിൽ വന്നു, അവർക്കു ഭക്ഷണം കഴിപ്പാൻപോലും വഹിയാതവണ്ണം പുരുഷാരം പിന്നെയും തിങ്ങികൂടിവന്നു അവന്റെ ചാർച്ചക്കാർ അതുകേട്ടു അവനു ബുദ്ധിഭ്രമം ഉണ്ട് എന്നു പറഞ്ഞു അവനെ പിടിപ്പാൻ വന്നു." മറിയയും തന്റെ മറ്റു പുത്രന്മാരും യേശു ഉണ്ടായിരുന്ന വീട്ടിൽ വന്നപ്പോൾ പുരുഷാരം നിമിത്തം അകത്തു കടക്കുവാൻ നിർവാഹമില്ലാതെ വെളിയിൽ നിന്നു യേശുവിനെ പുറത്തേക്കുവിളിച്ചു, ആ ദൂത് എത്തിച്ചുകൊടുത്തയാളുകൾ തന്റെ അമ്മയെയും സഹോദരന്മാരെയും കാണുന്നതിനായി യേശു വെളിയിലേക്ക് പോകും എന്നു പ്രതീക്ഷിച്ചു എന്നാൽ അവൻ പോയില്ല."

"എന്റെ അമ്മയും സഹോദന്മാരും ആർ" എന്ന് പറഞ്ഞിട്ട്. ചുറ്റും നോക്കിക്കൊണ്ട്" എന്റെ അമ്മയും സഹോദരന്മാരും ഇതാ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ തന്നെ എന്റെ സഹോദരനും, സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു." (മർക്കോസ് 3:33,35, മത്തായി 12:46,50, ലൂക്കോസ് 8:19,21)

ഈ വചനങ്ങളോടു കൂടെ യേശു തന്റെ കുടുബവുമായുള്ള ബന്ധം വിച്ഛേദിച്ചു, യേശു തന്റെ അമ്മ മറിയയോടുകൂടെ താമസിക്കുന്നതിനെക്കുറിച്ച് ക്രൂശികരണം വരെയും പിന്നീട് നമ്മൾ വേദപുസ്തകത്തിൽ വയിക്കുന്നില്ല.

**മറിയയെ ആരാധിച്ച ആദ്യത്തെ വ്യക്തി**

മേൽപറഞ്ഞ സംഭവം കഴിഞ്ഞ് യേശുവും തന്റെ അമ്മയും സഹോദരന്മാരും ആയിട്ടുള്ളബന്ധം വേർപെട്ടതിനു ശേഷം ആദ്യമായി മറിയയെ ആരാധിച്ച ഒരു സ്ത്രീയെ നാം കാണുന്നു. (ലൂക്കോസ് 11:27) "ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ എന്നു പറഞ്ഞു" തന്റെ മാതാവിനെക്കുറിച്ചുള്ള ഈ പ്രസ്താവന യേശുവിനു പ്രസാദകരമാകുമെന്ന് ആ സ്ത്രീ



കരുതി, എന്നാൽ മറിച്ചാണ് സംഭവിച്ചത് യേശുവിന്റെ മറുപടി (ലൂക്കോസ് 11:28) "അല്ല ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ എന്നു പറഞ്ഞു" ഇങ്ങനെ മറുപടി പറഞ്ഞത് പൂർണ്ണ സന്തോഷത്തോടുകൂടി ആയിരുന്നില്ലാ കാരണം ആ അനുഗ്രഹിക്കപ്പെട്ടവരുടെ കൂട്ടത്തിൽ മറിയ ആയിത്തിർന്നിട്ടില്ലായിരുന്നു.

യേശുവിന്റെ ജനനത്തെക്കുറിച്ച് ദൂതന്മാരുടെ പ്രഖ്യാപനം ഉണ്ടായിരുന്നിട്ടും തന്റെ ജനനത്തിങ്കൽ മറിയയ്ക്ക് നേരിട്ടനുഭവമുള്ള കാര്യങ്ങൾ ഓർമ്മയിലിരുന്നിട്ടും മുപ്പത് വർഷക്കാലം തനിക്ക് കൂടുംബത്തോട് ബന്ധപ്പെട്ടുള്ള ജീവിതം നേരിട്ടു മനസിലാക്കിയിട്ടും യേശു ബുദ്ധിഭ്രമം പിടിച്ചയാളാണ് എന്നു ചിന്തിച്ച തന്റെ സഹോദരന്മാരോട് അനുകൂലിക്കുവാനാണ് മറിയ തയ്യാറായത്.

മറിയ തന്നെ ഒന്നുകിൽ യേശുവിൽ വിശ്വസിക്കുകയോ അല്ലെങ്കിൽ മറ്റുമനുഷ്യർക്കുള്ള വിധി ഏറ്റെടുക്കുകയോ ചെയ്യേണ്ടിയിരുന്നു (സങ്കീത്തനം 69:8)"എന്റെ സഹോദരന്മാർക്ക് ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനുമായിത്തീർന്നിരിക്കുന്നു".

ഒരു വിധത്തിൽ തന്റെ കുടുബാഗങ്ങളിൽ നിന്ന് യേശുവിനുണ്ടായ അനുഭവം ഉപകാരപ്രദമായി നമ്മുടെ പ്രയാസങ്ങളിൽ നമ്മോടു സഹതാപം കാണിപ്പാൻ അവിടുത്തേക്കു കഴിയുന്നതുകൂടാതെ സുവിശേഷ സത്യങ്ങൾ വിശ്വസിക്കാത്ത കുടുബാഗങ്ങളുള്ള വിശ്വാസികളുടെ പ്രശ്നങ്ങളെ നേരിട്ട് മനസിലാക്കുവാൻ യേശുവിനു കഴിയും.

**നസ്രേത്തിൽ യേശു തിരസ്കരിക്കപ്പെടുന്നു**

യേശുവിന്റെ കുടുബാംഗങ്ങളിൽ മാത്രമല്ല തന്റെ സ്വന്ത പട്ടണത്തിൽ തന്നെ അറിയുന്നവരെല്ലാം യേശുവിനെ തിരസ്ക്കരിച്ചു.

ഒരിക്കൽ യേശു യഹൂദ്യായിൽ നിന്നും ശമര്യവഴി ഗലീലയിലെ കാനാവിലേക്കു പോകുമ്പോൾ നസ്സറേത്തിലെ പള്ളിയിൽ പ്രസംഗിക്കുവാനിടയായി അവിടുത്തെ ജനങ്ങളുടെ അവിശ്വാസം നിമിത്തം (മത്തായി 13:53,57) "ഒരു പ്രവാചകനും തന്റെ സ്വന്ത സ്ഥലത്ത് സമ്മതനല്ല" (മർക്കോസ് 6:1,6, യോഹന്നാൻ 4:34, 43:46) എന്നു പറയുവാനിടയായി.

## നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക

യേശുവിന് കുടുബാംഗങ്ങളുമായുണ്ടായിരുന്ന ആശയക്കുഴപ്പങ്ങൾ മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കുന്നതിൽ നിന്നും തന്നെ പിന്തിരിപ്പിച്ചില്ല അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്ന കല്പന പ്രകാരമുള്ള കടമകളെക്കുറിച്ച് യേശുതന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 15:4,6) അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ, നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാടു എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ടാ എന്നുപറയുന്നു; ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവ വചനത്തെ ദുർബ്ബലമാക്കിയിരുക്കുന്നു. (മർക്കോസ് 7:10,11. ലൂക്കോസ് 18:20)

## നിന്റെ ആത്മാവിൽക്കൂടി ഒരു വാൾകടക്കും

ദൈവാലയത്തിൽവെച്ചും ശിമെയോൻ എന്ന ഭക്തനായ വൃദ്ധൻ എട്ടു ദിവസം പ്രായമായ യേശുവിനെ കണ്ടപ്പോൾ മറിയയോട് പ്രവചിച്ചു പറഞ്ഞു. (ലൂക്കോസ് 2:34,35) "പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചു അവന്റെ അമ്മയായ മറിയയോടു; അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന്നു ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചെക്കും എഴുന്നേല്പിന്നും മറുത്തുപറയുന്ന അടയാളത്തിന്നുമായി വെച്ചിരിക്കുന്നു. നിന്റെ സ്വന്ത പ്രാണനിൽക്കുടിയും ഒരു വാൾ കടക്കും എന്നു പറഞ്ഞു". (മത്തായി



13:53–57) മറിയയ്ക്ക് യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ ഉണ്ടാകാനിരുന്ന അനുഭവത്തെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു ഇത്, എന്നാൽ അതിനും ഉപരിയായി അതിന് അർത്ഥമുണ്ടായിരുന്നു.

"യേശു അനേകരുടെ വീഴ്ചയ്ക്കും എഴുന്നേൽപിനും കാരണക്കാരനാകും" എന്നും ശിമെയോൻ കൂട്ടിച്ചേർത്തു അന്നത്തെ ധനികരും അധികാരത്തിലിരുന്നവരും ആത്മീയമായി നിലം പതിക്കുന്നതിനും തന്നിൽ വിശ്വസിച്ച പാവപ്പെട്ടവർ ആത്മീയമായി ഉയരുന്നതിനും യേശൂ ഇടയാക്കിയതിൽക്കൂടി ഇതിനു നിവൃത്തി വന്നു. തന്റെ വാക്കുകളോടുള്ള മറ്റുള്ളവരുടെ പ്രതികരണത്തോടുകൂടി അവരുടെ ഹൃദയവിചാരങ്ങളെ വെളിപ്പെടുത്തുകയും ചയ്തു.

മറിയയുടെ ഹൃദയ വിചാരങ്ങളും വെളിപ്പെട്ടുവെന്നത് തിരുവെഴുത്തകളിൽ നിന്നും നാം കണ്ടു യേശുവിന്റെ സഹോദരന്മാരുടെ വാക്കുകേട്ടതിനാൽ അവൾ ആദ്യം വിശ്വാസത്തിൽ വീണുപോയെങ്കിലും പിന്നീട് യേശുവിനെ തന്റെയും കർത്താവായി അംഗീകരിച്ചതിൽക്കൂടി അവൾ എഴുന്നേറ്റു യേശുവിന്റെ വാക്കുകൾ മറിയയുടെ ഹൃദയ വിചാരങ്ങളെ വെളിവാക്കുന്ന വാളായിമാറി.

ഇന്നും മനുഷ്യ ഹൃദയങ്ങളിലെ വിചാരങ്ങൾ ഇപ്രാകാരം വെളിവായിക്കൊണ്ടിരിക്കുന്നു.

"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു". (എബ്രാ 4:12)

**ഇതാ നിന്റെ അമ്മ**

തന്റെ സ്വന്തദേശത്തിലെ പള്ളിയിൽ നിന്നും തിരസ്കരിക്കപ്പെട്ടതിനു ശേഷം യേശു തന്റെ സ്വഭവനത്തിലേക്കു തിരികെ പോയതായി രേഖപ്പെടുത്തിയിട്ടില്ല, എന്നാൽ യേശു യിസ്രായേൽ ദേശത്തൊക്കയും ചുറ്റി സഞ്ചരിച്ച് ജനങ്ങളോടു സുവിശേഷീകരിച്ചു മൂന്നര വർഷക്കാലം യേശുവിന്റെ കുടുംബാംഗങ്ങൾ അവനെക്കുറിച്ചു പറഞ്ഞകാര്യങ്ങളൊക്കെയും മറിയ കേട്ടുകൊണ്ടാണിരുന്നത്. ഗലീലയിൽ നിന്നും പല സ്ത്രീകളും യേശുവിനെ അനുഗമിച്ചിരുന്നെങ്കിലും മഗ്ദലക്കാരിത്തി മറിയ, യാക്കോബിന്റെ അമ്മ മറിയ സെബദി പുത്രന്മാരുടെ അമ്മ ശലോമകൂസയുടെ ഭാര്യയായ യോഹന്ന, സൂസന്ന എന്നിവർ അവരിൽ ചിലരാണ് (മത്തായി 27:5,56. മർക്കോസ് 15:40,41, ലൂക്കോസ് 8:2,3) എന്നാൽ യേശുവിന്റെ അമ്മ മറിയ ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല.

യേശുവിനെ മഹാപുരോഗഹിതന്മാർ അറസ്റ്റു ചെയ്തപ്പോൾ തന്റെ അമ്മ മറിയയും അവളുടെ സഹോദരിയും യരുശലേമിൽ ഉണ്ടായിരുന്നു. (യോഹ 19:25) യേശുവിനെ പിൻപറ്റിയിരുന്ന സ്ത്രീകളോടുകൂടി മറിയയും അവളുടെ സഹോദരിയും ക്രൂശീകരണ സമയത്ത് ഉണ്ടായിരുന്നു. (യോഹന്നാൻ 19:25,27) ക്രൂശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യമറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിശഷ്യനും നില്ക്കുന്നതു കണ്ടിട്ടു: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്നു അമ്മയോടു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈകൊണ്ടു.

**യേശുവിന്റെ പുനരുദ്ധാനം**

ഉയർത്തെഴുന്നേറ്റ യേശുവിനെ ആദ്യമായി കണ്ട സ്ത്രീകളുടെ കൂട്ടത്തിൽ തന്റെ അമ്മ ഉണ്ടായിരുന്നില്ല (ലൂക്കൊസ് 23:55, മർക്കൊസ് 24:9) എന്നിരുന്നാലും ഉയർത്തെഴുന്നേറ്റ യേശുവിനെ



ആദ്യമായി കണ്ടുമുട്ടിയ ശിഷ്യന്മാരുടെ കൂട്ടത്തിൽ മറിയയെ സംരെക്ഷിച്ചുകൊണ്ടിരുന്ന യോഹന്നാനും ഉണ്ടായിരുന്നതിനാൽ ഉയർത്തെഴുന്നേറ്റ യേശുവിനെ മറിയയും ആദ്യം തന്നെ കണ്ടിരിക്കാൻ സാധ്യതയുണ്ട്. അത് എത്ര മാത്രം സന്തോഷകരമായ ഒരു കൂടിക്കാഴ്ചയായിരുന്നു എന്നത് ഊഹിക്കാവുന്നതേയുള്ളു.

**മറിയ സ്നാനപ്പെട്ടിരുന്നോ?**

മറിയയുടെ സ്നാനത്തെക്കുറിച്ച് ബൈബിളിൽ പ്രത്യേകമായി എടുത്തുപറയുന്നില്ല, എന്നാൽ എല്ലാ വിശ്വാസികളും സ്നാനപ്പെടണം എന്ന് താൻ തന്നെ യോഹന്നാനാൽ സ്നാനപ്പെട്ട യേശു കല്പിച്ചു (മർക്കോസ് 16:16) തന്റെ സ്വന്തംമാതാവ് ഈ കല്പന നിരസിക്കും എന്ന് കരുതാൻ വയ്യ. തന്റെ മകനെപ്പോലെ തന്നെ മറിയയും വെള്ളത്തിലിറങ്ങി പൂർണ്ണമായ സ്നാനം സ്വീകരിച്ചു എന്ന് അനുമാനിക്കാം (റോമർ 6:4, കൊലോസ്യാ 2:1,12 കാണുക) യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ തുടർന്നുള്ള ആഴ്ചകളിൽ ആദിമ സഭയുമായി മറിയ ഒന്നിച്ചുകൂടി എന്ന് നാം വായിക്കുന്നു, "ഇവർ എല്ലാവരോടും സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടുംകൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു" (അപ്പോ. പ്രവൃത്തി 1:14)

**യേശുവിന്റെ കുടുബാഗങ്ങൾ രമ്യതയിൽ ആകുന്നു**

യേശു യാക്കോബിന് പ്രത്യക്ഷമാകുന്നത് വളരെ ഹൃദയസ്പർശിയായ ഒരു കൂടികാഴ്ച ആയിരുന്നു (1 കൊരിന്ത്യർ 15:7) അനന്തരം അവൻ യാക്കോബിനും പിന്നെ അപ്പൊസ്തലന്മാർ എല്ലാവർക്കും പ്രത്യക്ഷനായി. പൗലോസ് വിവരിക്കുന്നതുപോലെ യേശുവിന് ഭ്രാന്തുണ്ടെന്നു കരുതി അവനിൽ വിശ്വസിക്കാതിരിക്കുവാൻ മറിയയേയും മറ്റ് സഹോദരന്മാരേയും പ്രേരിപ്പിച്ച യാക്കോബ് ഇപ്പോൾ ഒരു വ്യത്യസ്ഥ മനുഷ്യൻ ആയിതീർന്നിരുന്നു ക്രിസ്തുവിന്റെ കല്പന പ്രകാരം സ്നാനം ഏറ്റ യാക്കോബ് ശേഷിച്ച നാല്പതു വർഷക്കാലം ആദിമ ക്രിസ്തീയ സഭയുടെ ഒരു നെടു

ന്തൂണായി പ്രവർത്തിച്ചു. തുടർന്ന് ഈ പുതിയ വിശ്വാസത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു മറ്റു സഹോദരങ്ങളും പിന്നീട് വിശ്വസിക്കുകയും സ്നാനപ്പെട്ടു സഭ യുടെ പ്രധാന അംഗങ്ങൾ ആയി തീരുകയും ചെയ്തു.

**മറിയയുടെ മരണം**

മറിയയുടെ മരണം എപ്പോൾ എവിടെവെച്ച് ആയിരുന്നു എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല ആധികാരിക സഭാ ച രിത്ര പ്രകാരം തന്റെ ദത്തുപുത്രനായ യോഹന്നാൻ അവളെ തന്നോടുകൂടെ എഫേസോസിലേക്കു കൊണ്ടുപോകുകയും അവിടെ അടക്കപ്പെടുകയും ചെയ്തു എന്ന് വിശ്വസിക്കപ്പെടുന്നു.

ചില നൂറ്റാണ്ടുകൾക്ക് ശേഷം "മറിയയുടെ സ്വർഗ്ഗാരോഹണം" എന്ന പേരിൽ ഒരു കെട്ടുകഥ സഭയിൽ പ്രചരിക്കുവാൻ തുടങ്ങി ക്രിസ്തുവിനെപ്പോലെ മറിയയും സ്വർഗ്ഗാരോഹണം ചെയ്തു എന്നായിരുന്നു ഈ കഥ മറിയയെ മരണം വരെയും സംരക്ഷിച്ച യോഹന്നാൻ ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാമത്തെ പകുതിയിൽ സുവി ശേഷ ചരിത്രം എഴുതിയപ്പോൾ മറിയ ഏകദേശം 100 വയസ്സ് ഉള്ള വളായി, യോഹന്നാനോടുകൂടി ഉണ്ടായിരുന്നിരിക്കണം തന്റെ ലേഖ നത്തിന്റെ മൂന്നാം അദ്ധ്യായം 13 ാം വാക്യത്തിൽ അദ്ദേഹം ഇപ്ര കാരം എഴുതുന്നു "ആരും ഒരുനാളും സ്വർഗ്ഗത്തിൽ കയറീട്ടില്ലാ" ഈ പ്രസ്താവനയിൽ മറിയയും ഉൾപ്പെടുമല്ലോ.

അപ്രകാരം അപ്പോസ്തലനായ പൗലേസും 1 കൊരിന്ത്യർ 15:23ൽ "ആദ്യ ഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിന് ഉള്ളവർ അവന്റെ വരവിങ്കൽ" എന്ന് പ്രസ്താവിക്കുന്നു രണ്ടാമത്തെ കൂട്ടത്തിൽ മറിയയും ഉൾപ്പെടുമല്ലോ ഇവിടെ പൗലോസ് ഭൂമിയിൽ ദൈവ രാജ്യം സ്ഥാപിക്കുന്നതിൽ ദൈവരാജ്യത്തിലെ നിത്യ ജീവനെ ക്കുറിച്ചാണ് പറയുന്നത്. ഇതാണ് വേദ പുസ്തകം പഠിപ്പിക്കുന്നതും വിശ്വാസത്തിൽ മരിച്ചവരുടെ പ്രത്യാശയും മനുഷ്യർ മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുന്നതായി വേദപുസ്തകത്തിൽ ഒരിടത്തും പഠി പ്പിക്കുന്നില്ല എന്നതാണ് സത്യം.



**മാതാവിനോടുള്ളപ്രാർത്ഥന**

മറിയ സ്വർഗ്ഗത്തിൽ ഇല്ലെങ്കിൽ – വേദപുസ്തകം അപ്രകാരം പഠിപ്പിക്കുന്നു – മറിയയോട് പ്രാർത്ഥിക്കുന്നതിൽ എന്തർത്ഥമാ ണുള്ളത്? പുനരുദ്ധാനത്തിൽ പ്രത്യാശവച്ചു മരിച്ച മറ്റ് എല്ലാവ രേയും പോലെ മറിയയും നിലത്തിലെ പൊടിയിൽ നിദ്രകൊള്ളു കയാണ്, പ്രാർത്ഥന കേൾക്കുവാൻ പ്രാപ്തയുമല്ല.

"ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു മരിച്ച വരോ ഒന്നും അറിയുന്നില്ല" (സഭാപ്രസംഗി 9:5,10) "മരിച്ചവരും മൗനതയിൽ ഉറങ്ങിയവരാരും ദൈവത്തെ സ്തുതിക്കുന്നില്ല" (സങ്കീർത്തനം 115:17) മാതാവിനോടുള്ള പ്രാർത്ഥന ദൈവകല്പ നയുടെ ലംഘനം കൂടിയാണ്, മരിച്ചവരോട് അപേക്ഷിക്കുന്നത് വേദപുസ്തകം കർശ്ശനമായി നിരോധിക്കുന്നു "ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്?" (യെശയ്യാവ് 8:19) മാതാ വിനോട് പ്രാർത്ഥിക്കുന്നതിന്റെ അനൗചിത്യത്തിന്റെ മൂന്നാമത്തെ കാരണം യേശുക്രിസ്തുവിന്റെ കല്പന തന്നെയാണ് നാം പ്രാർത്ഥിക്കുമ്പോൾ "സ്വർഗ്ഗത്തിലുള്ള പിതാവിനോടു മാത്രം പ്രാർത്ഥിക്കേണം എന്നാണ് യേശു പഠിപ്പിച്ചത് (ലൂക്കോസ് 11:2) ക്രിസ്തുവിനോടു തന്നെ പ്രാർത്ഥിക്കുവാൻ അദ്ദേഹം പഠിപ്പിച്ചില്ല വേദപുസ്തകത്തിൽ ഒരിടത്തും സ്വർഗ്ഗസ്ഥനായ പിതാവിനോട ല്ലാതെയുള്ള ഒരു പ്രാർത്ഥനയും കാണുവാൻ സാധ്യമല്ല മറിയ താൻ തന്നെ ദൈവത്തോടു മാത്രമേ പ്രാർത്ഥിച്ചിട്ടുള്ളു.

ഇതേ തത്വം ആണ് "വാഴ്ത്തപ്പെട്ട മറിയമേ" എന്നുള്ള പാട്ടിനെ കുറിച്ചും പറയുവാൻ ഉള്ളത്. ഇത് ചെയ്യുന്നവർ മനസ്സിലാക്കേണ്ട മൂന്ന് കാര്യങ്ങൾ ഉണ്ട് (ഒന്ന്) മറിയയ്ക്ക് പ്രാർത്ഥന കേൾക്കു വാൻ സാധ്യമല്ല എന്നു ബൈബിൾ പഠിപ്പിക്കുന്നു (രണ്ട്) മരിച്ച വരോടു പ്രാർത്ഥിക്കുന്നതിൽകൂടി അവർ ദൈവ കല്പനയെ ലംഘിക്കുന്നു (മൂന്ന്), പ്രാർത്ഥനയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ഉപദേശം അവർ അനുസരിക്കുന്നില്ല.

### മറിയയുടെ ദർശനങ്ങൾ

മേൽ പറഞ്ഞ സംഗതികൾ മറിയയുടെ ദർശനം ഉണ്ടായി എന്ന് അവകാശപ്പെടുന്ന വ്യക്തികൾക്കും ബാധകമാണ് മറിയ മരിച്ചു പോയ ഒരു ഒരു വ്യക്തി ആയിരുന്നതിനാൽ ആർക്കും പ്രത്യക്ഷ പ്പെടുവാൻ സാധ്യമല്ല മാതാവിനോട് ഭക്തി പുലർത്തുന്ന വിശ്വാ സികൾക്ക് ഇത് പ്രയാസമായി തോന്നിയേക്കാം എന്നാൽ തങ്ങ ളോടുതന്നെ അവർ ചോദിക്കട്ടെ, മറിയയെകുറിച്ചു വേദപുസ്തകം പഠിപ്പിക്കുന്നത് വിശ്വസിക്കുന്നതാണോ യേശു ക്രിസ്തു വിനെകുറിച്ച് മറിയതന്നെ വിശ്വസിക്കുന്നത് അംഗീകരിക്കുന്ന താണോ വേണ്ടത്? അഥവാ വേദപുസ്തകത്തിന് വിപരീതമായി ട്ടുള്ളതും മറിയതന്നെ നിഷേധിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്ന അബദ്ധങ്ങൾ വിശ്വസിക്കുകയോ ഏതാണ് മാതാവിനോടുള്ള ആദ രവ് കാണിക്കുവാൻ പറ്റിയത്?.

യഥാർത്ഥ ബഹുമാനം കാണിക്കുവാൻ ആഗ്രഹിക്കുന്നവർ ഇത്ര ശ്രേഷ്ടയായ ഒരു മാതാവിനെ യേശു ക്രിസ്തുവിനു വേണ്ടി ഒരു ക്കിയ ദൈവത്തിന് നന്ദി പറയുകയും അവരുടെ ദൈവ ഭക്തിയും ജീവിത വിശുദ്ധിയും ഒരു മാതൃകയാക്കുകയും ചെയ്യുന്നതി ലൂടെയാണ് അതുചെയ്യേണ്ടത്.

### <u>വെളിപ്പാട് പുസ്തകം 12 ാം അദ്ധ്യായത്തിലെ സ്ത്രീ</u>

വെളിപ്പാട് പുസ്തകത്തിലെ ആൺ കുട്ടിക്കു ജന്മം നല്കിയ "സൂര്യനെ അണിഞ്ഞ സ്ത്രീ" മറിയ ആണെന്ന് അനേകർ വിശ്വ സിക്കുന്നു, അവൾ മഹാസർപ്പത്തിൽ നിന്ന് രക്ഷപ്പെട്ട് ഓടിയതി നെക്കുറിച്ച് അവർ ചിന്താക്കുഴപ്പത്തിലാണ്.

വെളിപ്പാട് പുസ്തകത്തെക്കുറിച്ച് വ്യാഖ്യാനിക്കുവാൻ ഇവിടെ സാധ്യമല്ല. പഴയനിയമ പ്രവചനങ്ങളിൽ നിന്നും അനേക ഭാഗ ങ്ങളെ കോർത്തിണക്കി പ്രതീകാത്മകമായി എഴുതിയിരിക്കുന്ന ഒരു പുസ്തകമാണ് വെളിപ്പാട് എന്തായാലും മറിയയുടെ ജീവി



തവുമായി ബന്ധപ്പെട്ട ഒരു ഭാഗമല്ല മേൽ പറഞ്ഞത്. എന്നാൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ആൺകുട്ടി യേശുക്രിസ്തു തന്നെ (വെളിപ്പാട് 12:5, 2:27, സങ്കീ: 2:9 എന്നിവ ഒത്തു നോക്കുക) ആൺ കുട്ടി ക്രിസ്തു ആയതുകൊണ്ട് സ്ത്രീ മറിയ ആകണമെന്ന് അർത്ഥമില്ല അവിടെ സ്ത്രീയെക്കുറിച്ചുള്ള വിവരണം മശിഹാ യുടെ ജനനത്തിനായി കാത്തിരുന്ന് ആൺ കുട്ടിയുടെ ആത്മീയ മാതാവായി തീർന്ന "സീയോൻ പുത്രി" എന്നു വിശേഷിപ്പിക്ക പ്പെടുന്ന വിശ്വസ്ഥയായ ഇസ്രയേലിനാണ് യോജിക്കുന്നത്. (ഉൽപത്തി 37:9 ഗലാത്യർ 4:26 പരിശോധിക്കുക) ഈ ആത്മീയ മാതാവ് ആണ് പിന്നീട് ആദിമ സഭയായി യരുശലേമിൽ രൂപം കൊണ്ടത്. ക്രിസ്തുവിന്റെ പുനരുദ്ധാനത്തിനു ശേഷം ഉപദ്രവ ങ്ങൾ സഹിക്കുകയും മരുഭൂമിയിലേക്ക് ഓടിപ്പോകുകയും ചെയ്തത് ഈ സഭതന്നെ യേശു ക്രിസ്തു ഉപയോഗിച്ച ഇതേ ഭാഷാ ശൈലി ഈ ആശയത്തെ പിൻതാങ്ങുന്നു. (യോഹന്നാൻ 16:21, മീഖാ 4:10 യെശയ്യാവ് 13:8, 21:3, 26:17) ഇത് ഒരു വ്യാഖ്യാനം മാത്രം യേശു ക്രിസ്തുവിന്റെ അമ്മയായ മറിയയെക്കുറിച്ചല്ല ആ ഭാഗത്തെ വെളിപ്പാട് എന്നു കാണിക്കുവാൻ വേണ്ടി ഉപയോഗിച്ചു എന്നു മാത്രം ആദിമ സഭയുടെ ചരിത്രത്തിൽ സംഭവിച്ച മറ്റു സംഭ വങ്ങളെ ബന്ധപ്പെടുത്തി വേറെയും വ്യാഖ്യാനങ്ങൾ ഉണ്ട് വെളി പ്പാട് പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന അനേക പ്രതീകങ്ങളിൽ ഒന്നു മാത്രമാണ് ഇത് എന്ന് കാണിക്കുവാനാണ് ഇത് എഴുതി യത് (ഉദാഹരണം ദാനിയേൽ പ്രവചനം, സെഖര്യ്യ പ്രവചനം)

## പര്യാവസാനം

### മറിയയുടെ പ്രത്യാശ

എബ്രായ ലേഖനം 11 ാം അദ്ധ്യായത്തിൽ വിശ്വാസത്തിൽ നിദ്ര കൊള്ളുന്ന അനേകം ആളുകളുടെ ഒരു നിര എഴുതിയതിനു ശേഷം "അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ട തിന്" എന്ന് എഴുതിയിരിക്കുന്നു അവിടെ 'നാം' നിങ്ങളും ഞാനും ഉൾപ്പെടുന്ന സമൂഹമാണ് ആ വലിയ ലിസ്റ്റ് ഹാബേൽ അബ്രഹാം യിസഹാക്ക്, യാക്കോബ്, ദാവീദ്, പ്രവാചകന്മാർ അങ്ങനെ വലിയ

ഒരുകൂട്ടം ആളുകൾ ചേർന്നതാണ്. അവരിൽ മറിയയും ഉൾപ്പെടും (എബ്രായർ 11:35) "സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി" ഇതിന് ബൈബിളിൽ അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ട്. സാരേഫാത്തിലെ വിധവ (1 രാജാക്കന്മാർ 17:23) നയീനിലെ വിധവ, ഏലീയാവു മടങ്ങവന്നു. ഏലീയാവു കുട്ടിയെ എടുത്തു മാളികയിൽനിന്നു താഴെ വീട്ടിലേക്കു കൊണ്ടുചെന്നു അവന്റെ അമ്മയ്ക്കു കൊടുത്തു ഇതാ, നിന്റെ മകൻ ജീവിച്ചിരിക്കുന്നു. (ലൂക്കോസ് 7:12) തന്റെ അപ്പന്നോ അമ്മയ്ക്കോ മേലാൽ ഒന്നും ചെയ്വാൻ അവനെ സമ്മതിക്കുന്നതുമില്ല. ബഥാന്യായിലെ മാർത്തയും മറിയയും (യോഹന്നാൻ 11:37) കുരുടന്റെ കണ്ണുതുറന്ന ഇവന്നു ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ എന്നു പറഞ്ഞു. ഈ കൂട്ടത്തിൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിൽകണ്ട യാക്കോബ് അപ്പോസ്തലൻ സംരക്ഷിച്ച യേശുവിന്റെ അമ്മ മറിയയും അവരുടെ സഹോദരിമാരും ഇവരൊക്കയും മരിച്ചവരെ തിരകെ കിട്ടിയ സ്ത്രീകളുടെ കൂട്ടത്തിൽപ്പെടും.

അബ്രഹാമിന്റെ ഭാര്യ സാറാ യരിഹോവിലെ രാഹാബ്, മോശയുടെ മാതാവ്, മറ്റ് അനേക പഴയനിയമ വിശുദ്ധന്മാർ ഇവരെല്ലാം ദൈവം വാഗ്ദാനം ചെയ്ത വലിയ കാര്യങ്ങൾ പ്രാപിക്കാതെ കടന്നു പോയവർ ആണ്. (എബ്രായർ 11:13) ഇവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്നു അതു കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റുപറഞ്ഞുകൊണ്ടു വിശ്വാസത്തിൽ മരിച്ചു. (അപ്പോ: പ്ര 7:5) "അവന് അതിൽ ഒരുകാലടി നിലം പോലും അവകാശം കൊടുത്തില്ല;" പർമ്മെനാസ്, യോഫ്രദ മതാനുസാരിയായ അന്ത്യോഖ്യക്കാരൻ നിക്കൊലാവെസ് എന്നിവരെ തീരഞ്ഞെടുത്തു. എന്നാൽ എബ്രായർ 11ൽ എഴുതപ്പെട്ടിരിക്കുന്നവർ എല്ലാം ഉയർത്തെഴുന്നേറ്റ് വാഗ്ദത്തം പ്രാപിക്കും എന്നുള്ള വിശ്വാസത്തോടുകൂടിയാണ് നിദ്രപ്രാപിച്ചത് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ 30 വർഷങ്ങൾക്കു ശേഷം ആണ് എബ്രായ ലേഖനം എഴുതപ്പെട്ടത്.



അവരൊന്നും വാഗ്ദത്തം പ്രാപിച്ചില്ലെങ്കിൽ അവർ സ്വർഗ്ഗത്തിൽ ഇല്ലാ എന്നു നിശ്ചയം അവർ സ്വർഗ്ഗത്തിൽ കയറിയിട്ടില്ലെങ്കിൽ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല എന്നർത്ഥം. യഥാർത്ഥത്തിൽ യേശു പഠിപ്പിച്ചത് ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ലാ എന്നാണ് (യോഹന്നാൻ 3:13) **"സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വഗ്ഗത്തിൽ കയറീട്ടില്ല."** എബ്രായർ 11:40 ഈ സത്യത്തെ ഉറപ്പിക്കുന്നതാണ്. "നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന് ദൈവം നമുക്കു വേണ്ടി ഏറ്റവും നല്ലതെന്ന് മുൻകരുതിയുിരുന്നു" അതുകൊണ്ട് യേശുവിന്റെ അമ്മ മറിയയും അനേകം വിശ്വാസ വീരന്മാരും നമ്മോടുകൂടെ മാത്രമേ പ്രാപിക്കുകയുള്ളു നാം പൂർണ്ണത പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട് അവരും പ്രാപിച്ചിട്ടില്ല "എന്നാൽ "ഏറ്റവും നല്ലതെന്ന് എന്താണ്"

ദൈവം തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിനായി തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്ക് അയയ്ക്കും എന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. ആ രാജ്യത്തിൽ അനീതിയോ കഷ്ടതയോ ഉണ്ടാവില്ല.

യേശു ക്രിസ്തുവിന്റെ മടങ്ങിവരവിൽ മറിയയും മറ്റുള്ള വിശ്വാസികളുമായി ക്രിസ്തുവിനുള്ളവർ (പഴയനിയമ, പുതിയനിയമ വിശുദ്ധന്മാർ) അവരുടെ കല്ലറകളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ദൈവരാജ്യത്തിൽ ഒന്നിച്ചു ചേരും (1കൊരിന്ത്യർ 15:23) "ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഭലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം.

[ഭൂമിയിൽ ദൈവരാജ്യം എന്ന വിഷയത്തെക്കുറിച്ച് അറിയുവാനാഗ്രഹിക്കുന്നൂ എങ്കിൽ പുറം പോജിലുള്ള അഡ്രസ്സിൽ എഴുതുക.]

[ബൈബിൾ വിഷയങ്ങളെസ്സംബന്ധിച്ച് നേരിട്ടു സംസാരിക്കണമെന്നുള്ളവർ കവർ പേജിലുള്ള ലോക്കൽ അഡ്രസ്സിൽ ബന്ധപ്പെടുക, നിങ്ങൾക്കടുത്തുള്ള ക്രിസ്റ്റഡെൽഫിയിൻ സഹോദരന്മാർ നിങ്ങളെ നേരിൽക്കാനുന്നതാണ്]

*[പുനരുദ്ധാനത്തെ കുറിച്ചുള്ള ഒരു ചെറു പുസ്തകം സൗജന്യമായി ആവശ്യമുള്ളവർ കവർ പേജിൽ കാണുന്ന അഡ്രസ്സിൽ ആവശ്യപ്പെടുക]*



# *Mary Mother of Jesus*
## *Steven Cox*

പതിന്നാലിൽ പരം ഭാഷകളിൽ പ്രാവീണ്യമുള്ള ബ്രദർ സ്റ്റീവൻ കോക്സ് (ഇംഗ്ലണ്ട്) ആന്ധ്രായിലുള്ള ഒരു ഗ്രൂപ്പിനുവേണ്ടി പ്രത്യേകം തയാർ ചെയ്ത ഒരു പഠന ക്ലാസ്സിന്റെ പുസ്തക രൂപമാണ് "Mary Mother of Jesus" എന്ന ചെറുപുസ്തകം അതിന്റെ മലയാള പരിഭാഷ കേരളത്തിലെ വിശ്വാസികൾക്കു പ്രയോജനം ചെയ്യുമെന്നു പ്രത്യാശിക്കുന്നു

ഇതിന്റെ പരിഭാഷയിൽ സഹായിച്ച ലിജു ജോർജിനോടും, ടൈപ്പ് സെറ്റിംഗ് ചെയ്ത ബേബിച്ചൻ പുത്തൻപുരയ്ക്കലിനോടും പ്രിന്റിംഗ് ചെയ്തുതന്ന Printland നോടും പരിഭാഷക്കായി അനുവാദവും പ്രോത്സാഹനവും നല്കിയ സ്റ്റീവൻ കോക്സിനോടും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു.

**മാത്യുസ് ജേക്കബ്**
പള്ളിവാതുക്കൽ
വിവർത്തകൻ

Printed at
**Printland Publishers**
GPO Boxn 159
Hyderabad 500 001